ഒരു നിയമം സർക്കാർ ഉണ്ടാക്കിയിട്ടുണ്ട്. ഇതുപ്രകാരം, ജൂൺ മുതൽ സെപ്റ്റംബർവരെ തവളകളെ പിടിക്കുന്നതു് കേന്ദ്രസർക്കാർ വിലക്കിയിട്ടുണ്ടത്രേ. ദൽഹിയിൽ തവളകൾ മുട്ടയിടുന്നതു് ഈ കാലത്താവാം; പക്ഷേ, തമിഴ്നാട്ടിലും മററു പല സ്ഥലങ്ങളിലും തുലാവർഷക്കാലമാണ് തവളകളുടെ വിവാഹകാലം—അതായതു് ഒക്ടോബർ മുതൽ ഡിസംബർ വരെ. അക്കാലത്തു തവളപിടുത്തത്തിനു് ഒരു വിലക്കുമില്ല. ഇനി സർക്കാർ വിലക്കിയാൽത്തന്നെ, ആ വിലക്കു നടപ്പിൽവരുത്താൻ ആർ ഇരിക്കുന്നു? സംരക്ഷിതവനങ്ങളിൽ കടന്നു വലിയ മൃഗങ്ങളെയും പക്ഷിസങ്കേതങ്ങളിൽ ചെന്നു വലിയ പക്ഷികളെയും വെടിവെക്കുന്നവരെപ്പോലും തടയാത്ത സർക്കാർ ഉദ്യോഗസ്ഥന്മാരാണോ തവളപിടുത്തക്കാരെ തടയുന്നതു്?

സാധാരണക്കാരായ ഗ്രാമീണരുടെ ശാസ്ത്രബോധവും ധർമബോധവും ഉണർത്തി, തവളപിടുത്തക്കാരെ എതിർക്കുന്നതിനുള്ള ധൈര്യവും ആവേശവും അവരിൽ ഉളവാക്കുക മാത്രമാണു നീചമായ ഈ ജന്തുസംഹാരം തടയുന്നതിനുള്ള മാർഗം. പ്രത്യേകിച്ചു് സ്കൂൾകുട്ടികളെ തവളപിടുത്തക്കാരുടെ ജന്മശത്രുക്കളാക്കി മാററണം.

രാത്രികാലങ്ങളിൽ പെട്രോമാക്സ് കൊളുത്തി, ചാക്കുമായി, പാടങ്ങളുടെ വക്കുകളിലൂടെ നീങ്ങുന്ന തവളപിടുത്തക്കാരെ കണ്ടാലുടൻ കുട്ടികൾ കൂട്ടമായി ചെന്നു് അവരെ വളയണം. പാട്ടകൊട്ടിയും കൂവിയും അവരുടെ തവളപിടിത്തം അസാധ്യമാക്കിത്തീർക്കണം. സ്വന്തം പഞ്ചായത്തിനപ്പുറത്തേക്കു് അവരെ ഘോഷയാത്രയായി കൊണ്ടുപോയി നാടുകടത്തിവിടണം.

വനസംരക്ഷണത്തിലും പ്രകൃതിസംരക്ഷണത്തിലും താത്പര്യമുള്ളവർ ഇതൊരു പ്രസ്ഥാനമാക്കി വളർത്തിക്കൊണ്ടുവരുന്നതു കൊള്ളാം.

'തവളക്കുറുങ്കാലി, കൊട്ടുകാലി, പെണ്ണേ,
ചന്തമില്ലാത്ത കുടവയറി!
നിന്നെപ്പിടിക്കാൻ നടക്കുന്ന നീചന്റെ
ചെന്നിയടിച്ചു തകർക്കും ഞങ്ങൾ'

എന്നതുപോലെയുള്ള പാട്ടുകൾ എന്നാണു നമ്മുടെ കുട്ടികൾ പാടി നടക്കുക?

6 ഏപ്രിൽ, 1986

# 71. ചിത്രശലഭങ്ങൾ

'ലെപ്പിഡോപ്തെറോളജി' എന്ന വാക്കു് ഇന്ത്യയിലെ അക്കാദമിക് വൃത്തങ്ങളിൽപ്പോലും ഇനിയും പ്രചാരം നേടിക്കഴിഞ്ഞിട്ടില്ല. 'ചിത്രശലഭവിജ്ഞാനം' എന്നാണു് ഈ വാക്കിനു് അർത്ഥം. ചിത്രശലഭങ്ങളെ കേന്ദ്രീകരിച്ചു് ഒരു വിജ്ഞാനവിഭാഗം ഉണ്ടെന്നു മനസ്സിലാക്കിയിട്ടുള്ളവർ നമ്മുടെ ഇടയിൽ ചുരുക്കമായിരിക്കും. ചിത്രശലഭനിരീക്ഷണം ഒരു ഹോബിയായി അംഗീകരിച്ചിട്ടുള്ളവരുടെ കഥ പറയാനുമില്ല. പക്ഷിനിരീക്ഷണം ഒരു ഹോബി ആവാമെന്നു്, 'ഇന്ദുചൂഡ'ന്റെ—പ്രൊഫസ്സർ കെ.കെ. നീലകണ്ഠന്റെ—അർപ്പിതവും ദീർഘവുമായ സേവനം മലയാളികളെ പഠിപ്പിച്ചു കഴിഞ്ഞിട്ടുണ്ടു്. പ്രൊഫ. നീലകണ്ഠനെന്ന 'ഓർണിത്തോളജിസ്റ്റി'നെ ആദരിക്കാൻ, പക്ഷേ, നമ്മുടെ സർവകലാശാലകളോ അക്കാദമിക് വൃത്തങ്ങളോ ഇനിയും തയ്യാറായിട്ടില്ല. ഓർ

ണിത്തോളജിക്ക(പക്ഷിവിജ്ഞാനത്തിനു്) പ്രൊഫ. നീലകണ്ഠൻ നൽകിയതുപോലെയുള്ള സേവനം ശലഭവിജ്ഞാനത്തിനു നൽകിയിട്ടുള്ള ഇന്ത്യാക്കാരനായ ഏതെങ്കിലും ലെപ്പിഡോപ്റ്ററിസ്റ്റിന്റെ പേർ ഇനിയുണ്ടാട്ടു് എപ്പോഴെങ്കിലും കേൾക്കേണ്ടതായാണു് ഇരിക്കുന്നതു്. നമ്മുടെ യുവജന്തുശാസ്ത്രജ്ഞർക്കു് ഇതാ വളക്കൂറുള്ള ഒരു കന്നിവയൽ!

ഇന്ത്യയിൽ ആയിരത്തി നാന്നൂറോളം ഇനം ചിത്രശലഭവർഗങ്ങളുണ്ടത്രെ. ഇവയ്ക്കു പുറമെ ആയിരത്തിലേറെ ഉപവർഗങ്ങളുമുണ്ടു്. 1957-ൽ ഔദ്യോഗികമായി നടത്തിയ ഒരു പഠനത്തിൽ കണ്ടതു് ഇവയിൽ അഞ്ഞൂറോളം ചിത്രശലഭവർഗങ്ങൾ അത്യപൂർവങ്ങളായിത്തീർന്നിട്ടുണ്ടെന്നാണു്. ഈ പഠനത്തിനുശേഷം കഴിഞ്ഞുപോയ കാൽ നൂററാണ്ടിന്നിടയിൽ ഇന്ത്യയിൽ എത്രയോ ചിത്രശലഭവർഗങ്ങൾക്ക സമൂലനാശംതന്നെ വന്നുപെട്ടിരിക്കാമെന്നും, എത്രയോ വർഗങ്ങൾ നാശത്തിന്റെ വക്കിലെത്തി നിലകൊള്ളുന്നുണ്ടാവാമെന്നുമാണു് ഈ വിഷയത്തിൽ വിവരമുള്ളവർ ഭയപ്പെടുന്നതു്. ഹിമാലയമേഖലകളിലും പശ്ചിമഘട്ടപ്രദേശങ്ങളിലും ധാരാളമായിക്കണ്ടിരുന്ന പല ചിത്രശലഭവർഗങ്ങളേയും കാണാതായിട്ടുണ്ടെന്നു് 'സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ' റിപ്പോർട്ടുചെയ്യുന്നു. ചിത്രശലഭങ്ങൾ ഇങ്ങനെ അപ്രത്യക്ഷങ്ങളാകുന്നതിനു രണ്ടു കാരണങ്ങളാണു് ഇന്ത്യാ ഗവൺമെൻറിന്റെ പരിസ്ഥിതിവിഭാഗം ഉന്നയിക്കുന്നതു്. വനവിധ്വംസനംകൊണ്ടു ചിത്രശലഭങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കു സംഭവിക്കുന്ന നാശമാണു് ഒന്നാമത്തെ കാരണം. രണ്ടാമത്തെ കാരണമാകട്ടെ, കച്ചവടത്തിനുവേണ്ടി വൻതോതിൽ, ഒരു വകതിരിവുമില്ലാതെ ചിത്രശലഭങ്ങളെ പിടിച്ചു നശിപ്പിക്കുന്നതും. ചില ശാസ്ത്രജ്ഞർ പഠനത്തിനുവേണ്ടി ചിത്രശലഭങ്ങളെ ശേഖരിക്കുന്നുണ്ടു്. ഇതുകൊണ്ടു്, ചിത്രശലഭങ്ങൾക്ക വംശനാശഭീഷണിയൊന്നും വരാൻ പോകുന്നില്ല. സ്വകാര്യക്കച്ചവടക്കാരുടെ ചിത്രശലഭസംഭരണം, പക്ഷേ, അത്തരത്തിലുള്ളതല്ല. ഒരു നിയമത്തെയും വകവെക്കാതെയാണു് അവരുടെ കളി. ചിത്രശലഭങ്ങളുടെ നൂറോളം വർഗങ്ങളെ നാശോന്മുഖങ്ങളായി വന്യജീവി സംരക്ഷണ നിയമത്തിൽ (വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിൽ) ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഈ വർഗങ്ങളിൽപ്പെട്ട ശലഭങ്ങളെ ജീവനോടെയോ കൊന്നോ കയററിയയയ്ക്കുന്നതു നിരോധിച്ചിട്ടുമുണ്ടു്. പക്ഷേ, ഇങ്ങനെ ഒരു നിയമമുണ്ടെന്നുതന്നെ എത്രപേർ അറിയുന്നു? നിയമം അറിഞ്ഞിട്ടു വേണ്ടേ അതു നടപ്പിൽ വരുത്താൻ? ഫലം, അനിയന്ത്രിതമായ അരാജകത്വം. ചില പ്രത്യേകതരം ചിത്രശലഭങ്ങളുടെ ഒറ്റൊററ മാതൃകയ്ക്കു് ഏതാനും ആയിരം രൂപവരെ ഇപ്പോൾ പാശ്ചാത്യരാജ്യങ്ങളിൽ വില കിട്ടുന്നുണ്ടത്രെ. പണം കിട്ടുമെന്നു വന്നാൽ, ഒരു ചിത്രശലഭത്തിന്റെ വംശവിച്ഛേദത്തെപ്പററി ഇന്ത്യയിൽ ആർ ചിന്തിക്കുന്നു?

വ്യാപാരമേ ഹനനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നു, കപോതമെന്നും?

ഇന്ത്യയിൽ ചിത്രശലഭങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രയത്നത്തിന്റെ ആദ്യപടി എന്ന നിലയിൽ ഡേഹ്റാഡൂണിൽ ഒരു 'ചിത്രശലഭത്തോട്ടം' (ബട്ടർഫ്ളൈ ഫാം) സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ടെന്നു് ഇക്കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ കേന്ദ്രഗവണ്മെൻറ് പ്രഖ്യാപിക്കുകയുണ്ടായി. കേന്ദ്രഗവണ്മെൻറിന്റെ കീഴിലുള്ള സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയും, ലണ്ടനിലെ കോമൺവെൽത്ത് ഇൻസ്റ്റിററ്യൂട്ട് ഓഫ് എൻഡമോളജിയും ഈ 'തോട്ടം' സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമായ സാങ്കേതികസഹായവും മാർഗദർശനവും നൽകും. ഇന്ത്യയിൽ പലേടങ്ങളിലുമുള്ള മൃഗശാലകളിലും സസ്യശാസ്ത്രത്തോട്ടങ്ങ

ളിലും 'ചിത്രശലഭഗൃഹ'ങ്ങൾ നിർമിക്കുന്നതു് പ്രോത്സാഹിപ്പിക്കുവാനും സർക്കാരിനു് ഉദ്ദേശ്യമുണ്ടു്. ചിത്രശലഭങ്ങളെ കയററിയയയ്ക്കുന്നതിനുവേണ്ടി, അവയെ തടങ്ങലിൽ വളർത്തുന്നതിനുള്ള പരിപാടികളും ആസൂത്രണംചെയ്യുന്നുണ്ടത്രെ. ഈ ഒടുവിൽ പറഞ്ഞതു് പക്ഷേ, ആപത്കരമായ ഒരു നടപടിയായിരിക്കുമെന്നാണു് 'സ്റ്റേററ്സ്മാൻ' പത്രത്തിന്റെ അഭിപ്രായം. ഇന്ത്യയിൽ പലേടത്തും 'സർപ്പത്തോട്ടങ്ങളും (സ്നേക് പാർക്ക്) 'മുതലക്കുള'ങ്ങളും (ക്രോക്കോഡൈൽ ഫാം) സ്ഥാപിച്ചപ്പോൾ പാമ്പുകളെയും മുതലകളെയും അനധികൃതമായി വേട്ടയാടി അവയുടെ തോൽ കളവായി വിദേശങ്ങളിലേക്കു് കയററി അയയ്ക്കുന്ന കരിഞ്ചന്തവ്യാപാരം വല്ലാതെ പെരുകുകയാണുണ്ടായതു്. കണ്ടുപിടിച്ചാൽ കച്ചവടക്കാർ പറയുക ഏതെങ്കിലും സർപ്പത്തോട്ടത്തിൽനിന്നോ മുതലക്കുളത്തിൽനിന്നോ കിട്ടിയ ചരക്കാണെന്നായിരിക്കും. ഇതുപോലെ, മദമിളകി മനുഷ്യർക്കു ദ്രോഹംചെയ്യുന്ന കാട്ടുകൊമ്പനാനകളെയോ, മനുഷ്യരെ പിടിച്ചുതിന്നുന്ന പുലികളെയോ വെടിവെക്കാൻ എവിടെയെങ്കിലും ലൈസൻസ് കൊടുത്താൽ, ആ പേരും പറഞ്ഞു് നാടിന്റെ നാനാ ഭാഗങ്ങളിൽനിന്നും എത്രയോ അധികം ആനക്കൊമ്പുകളും പുലിത്തോലുകളും കയററി അയയ്ക്കുന്നതും ഇന്ത്യയിൽ ഒരു സാധാരണ അനുഭവമാണു്. കള്ളവേട്ടക്കാരുടെ കൈയിൽനിന്നു് പിടിച്ചെടുത്ത കാണ്ടാമൃഗക്കൊമ്പുകൾ പരസ്യമായി ലേലം ചെയ്തു വനംവകുപ്പുകാർ വിൽക്കാറുണ്ടു്. ലേലത്തിൽ വാങ്ങിയവയാണെന്ന വ്യാജേന കള്ളവേട്ടയിൽക്കൊന്ന എത്രയോ അധികം കാണ്ടാമൃഗങ്ങളുടെ കൊമ്പുകൾ കയററി അയയ്ക്കാൻ ഈ നടപടിമൂലം കാട്ടുകൊള്ളക്കാർക്കു കഴിയുന്നു. വമ്പിച്ച ഔഷധമൂല്യമുണ്ടെന്നു കരുതപ്പെടുന്നതിനാൽ കാണ്ടാമൃഗക്കൊമ്പുകൾക്കു ലോകവിപണിയിൽ വലിയ പ്രിയവുമാണു്.

ഈ അനുഭവങ്ങൾ മുൻനിർത്തി നോക്കുമ്പോൾ ചിത്രശലഭങ്ങളെ തടങ്ങലിൽ വളർത്തുന്നതിനുള്ള സ്ഥാപനങ്ങളുടെ നിർമാണം കള്ളക്കടത്തുകാരും നിയമലംഘകരും സമർത്ഥമായി ഉപയോഗപ്പെടുത്തുവാനും, തന്മൂലം ചിത്രശലഭങ്ങളുടെ പല വർഗങ്ങളും അതിവേഗം നശിക്കാനുമാണു് ഇട എന്നു 'സ്റ്റേററ്സ്മാൻ' പറയുന്നതിൽ അത്ഥമില്ലായ്കയില്ല.

സാധാരണ ജനങ്ങളുടെ താത്പര്യങ്ങൾ ഉദ്ദീപിപ്പിക്കുന്നതുകൊണ്ടു മാത്രമേ ചിത്രശലഭസംരക്ഷണം മാത്രമല്ല, പരിസ്ഥിതി സംരക്ഷണമെന്ന അതിപ്രധാനമായ മണ്ഡലവുമായി ബന്ധപ്പെട്ട ഏതു ലഘുകൃത്യവും, സാധ്യമാവൂ. ചിത്രശലഭങ്ങളിൽ ജനങ്ങൾക്കു് താത്പര്യം വളർത്താൻ നാം വല്ലതും ചെയ്യുന്നുണ്ടോ?

'ഈ വല്ലിയിൽനിന്നു ചെമ്മേ—പൂക്കൾ

പോവുന്നിതാ പറന്നമ്മേ!' എന്നു് പ്രാഥമിക ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതൊഴിച്ചാൽ, ചിത്രശലഭങ്ങളെപ്പററി ഉദ്ബുദ്ധമായ ജിജ്ഞാസ കുട്ടികളിൽ ഉണർത്താൻ നമ്മുടെ സ്കൂളുകളോ കോളേജുകളോ എന്തു ചെയ്യുന്നു? ഇത്തരം കാര്യങ്ങളിൽ, നമ്മുടെ നാട്ടിൽ ആയിരക്കണക്കിനുള്ള ജന്തുശാസ്ത്രാദ്ധ്യാപകരിൽ എത്രപേർക്കുണ്ടു് താത്പര്യം.

'താത്പര്യമോ? അപ്പടിയായി! ക്ലാസ്സിൽ നിശ്ചിതസമയത്തേക്കുള്ള പഠിപ്പിക്കൽ കഴിഞ്ഞാൽ പിന്നെ വേറെ എന്തെങ്കിലും പ്രവർത്തനത്തിനു് ഞങ്ങളെ കിട്ടണമെങ്കിൽ, അതിനുള്ള കാശ്ശു് വേറെ തരണം' എന്നാവില്ലേ അദ്ധ്യാപകർക്കും അവരുടെ 'ഉശിരൻ' സംഘടനകൾക്കും പറയാനുണ്ടാവുക?

12 ഒക്ടോബർ, 1983